# അദ്ധ്യാപക -രക്ഷാകർത്തസമിതി വാർഷിക റിപ്പോർട്ട്

**2022 -23**

---

അനുശോചനം

കോട്ടയം ഗവ കോളേജ് മുൻ പ്രിൻസിപ്പൽമാരായ , പ്രൊഫ. എം സി രാജൻ , പ്രൊഫ ശ്യാമളകുമാരി, കോട്ടയം ഗവ. കോളേജിൽ മലയാളം അധ്യാപികയായിരുന്ന പ്രൊഫ.സാവിത്രിയമ്മ, കെമിസ്ട്രി വിഭാഗം അദ്ധ്യാപകനായിരുന്ന ശ്രി. വിജയകുമാർ,ഫിസിക്സ് അദ്ധ്യാപകൻ പ്രൊഫ.ഫ്രാൻസിസ് ജോൺ എന്നിവരുടെ വിയോഗത്തിൽ ഈ യോഗം ആദരാഞ്ജലികൾ അർപ്പിക്കുന്നു.

റിപ്പോർട്ട്

2022 മാർച്ച് 30 നു ചേർന്ന അദ്ധ്യാപക -രക്ഷാകർത്തസമിതി പൊതുയോഗം, പി ടി എ സെക്രട്ടറി ആയി ഡോ അനീഷ് എ യൂ, വൈസ് പ്രസിഡന്റ് ആയി ശ്രീമതി സിന്ധു ശ്യാം , എക്സിക്യൂട്ടീവ് അംഗങ്ങൾ ആയി ശ്രീമതി ആശ, മധുലാൽ പി ആർ ,ഡോ ഷീബ എം , ശ്രീ മനുകുമാർ എൻ, ഡോ ഷൈനി കെ ജെ എന്നിവരെ തിരഞ്ഞെടുത്തു.

കോളേജിൽ നടന്ന വിവിധ അദ്ധ്യാപക പരിശീലനപരിപാടികൾ, വിദ്യാർത്ഥി പരിശീലന പരിപാടികൾ, കോളേജിലെ വിവിധ വികസന- സൗകര്യങ്ങളുടെ ഉദ്ഘാടനപരിപാടികൾ എന്നിവയ്ക്കു സാമ്പത്തിക പിന്തുണ നൽകി.2022 ജൂൺ 20 മുതൽ 27 വരെ നടത്തിയ വായനാവാരാചരണ പ്രഭാഷണങ്ങൾ, സ്വാതന്ത്രത്തിൻറെ ഏഴുപത്തിയഞ്ചാം വാർഷികയുമായി ബന്ധപെട്ടു നടത്തിയ പ്രഭാഷണങ്ങൾ, 2022 സെപ്റ്റംബർ 27 നു IQAC യുടെ നേതൃത്വത്തിൽ അധ്യാപകർക്കായി സംഘടിപ്പിച്ച 'OUTCOME BASED EDUCATION' എന്ന ഏകദിനശില്പ എന്നിവയ്ക്കു സാമ്പത്തിക സഹായം നൽകി.2022 ഒക്ടോബർ മാസം 10 തിയതി IQAC യുമായി ചേർന്ന് ഒന്നാം വർഷ ബിരുദ -ബിരുദാനന്തര വിദ്യർഥികൾക്കായി 'ENRICH 2022' എന്ന ORIENTATION പ്രോഗ്രാം സംഘടിപ്പിച്ചു.സംസ്ഥാന സർക്കാരിന്റെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ലഹരിവിരുദ്ധ ക്യാമ്പയ്ൻഗിംഗ് ബോർഡുകൾ കോളേജിലും ഹോസ്റ്റലിലും സ്ഥാപിച്ചു.കോളേജ് യൂണിയൻ ഇലെക്ഷന് നടത്തുന്നതിനുള്ള ചിലവുകൾ P T A വഹിച്ചു. കോളേജ് യൂണിയൻ കലാപ്രവർത്തനത്തിനുള്ള സാമ്പത്തിക പിന്തുണ, കലാപരിശീലകന്റെ ഫീസ് എന്നിവ നൽകി.

ഓഫീസ്-എക്സാം സംബന്ധിയായ ചിലവുകൾ, ഇന്ററർനെറ്റ് ബില്ല് എന്നിവയ്ക്കു സാമ്പത്തിക സഹായംനൽകി

ഇതിനുപുറമേ കോളേജിലെ വിവിധ സൗകര്യവികസനത്തിനും, പരിപാലനത്തിനും PTA നേതൃത്വം നൽകി. അവ ചുവടെ ചേർക്കുന്നു.

1. കോളേജിലെ Public Address System, Speakers, Soundmixer എന്നിവ റിപ്പയർ ചെയ്തു പ്രവർത്തനയോഗ്യമാക്കി.

2. കോളേജ് സെമിനാർ ഹാൾ , ഫിസിക്സ് ലാബ് എന്നിവിടങ്ങളിലെ AC റിപ്പയർ ചെയ്തു പ്രവർത്തനക്ഷമം ആക്കി.

3. കോളേജ് ഹോസ്റ്റലിൽ incinerator നിലവിലുള്ളത് റിപ്പയർ ചെയ്തു പ്രവർത്തന യോഗ്യം ആക്കി.

4. 2022 വർഷത്തെ Student ID Cards തയ്യാറാക്കി നൽകി. കമ്മ്യൂണിറ്റി കോളേജ് ഫണ്ടിൽ നിന്നും വാങ്ങിയ ID കാർഡ് പ്രിൻറർ ഉപയോഗിച്ച് ഡാറ്റാ കൃത്യ സമയത്തു നൽകാതിരുന്ന വിദ്യാർഥികൾക്കു ID കാർഡ് ലഭ്യമാക്കി

5. വാട്ടർ ടാങ്ക് രണ്ടു തവണ ക്ലീൻ ചെയ്യുകയും, വാട്ടർ കൂളർ Purifiers ഈ വർഷം രണ്ടു തവണ മാറുകയും ചെയ്തു. വിവിധ സമയങ്ങളിൽ പ്ലംബിംഗ് അറ്റകുറ്റ പണികൾ നടത്തി. സെമിനാർ ഹാളിനു സമീപമുള്ള കിണർ വൃത്തിയാക്കി. 20 ലിറ്റർ മിനറൽ വാട്ടർ ക്യാൻ ഓഫീസിലും ഡിപ്പാർട്മെന്ററിലും ലഭ്യമാക്കി.

7. IQAC, ID കാർഡ് സിസ്റ്റം ,Seminar Hall, വിവിധ ഡിപ്പാർട്മെന്റുകളിലെ UPS സർവീസ് ചെയ്തു പ്രവർത്തന യോഗ്യം ആക്കി.

8. സ്റ്റേഷനറി ഐറ്റംസ്, Class Room Locks, Registers, ഡെയിലി ക്ലീനിങ് മെറ്റീരിയൽസ് എന്നിവ വാങ്ങി നൽകി. കോളേജ് ഓഫീസിലേക്കുള്ള രജിസ്റ്റർ ബൈൻഡ് ചെയ്യുന്നതിനും, ഡിജിറ്റൽ സിഗ്നേച്ചർ നുള്ള ഫീസും നൽകി.

9 ലേഡീസ് ടോയ്ലറ്റ് സെപ്റ്റിക് ടാങ്ക് ക്ലീൻ ചെയ്യുകയും, പുതിയ സെപ്റ്റിക് ടാങ്ക് സ്ഥാപിക്കുകയും ചെയ്തു.വിവിധ ഡിപ്പാർട്മെന്ററിലെ ടോയ്‌ലറ്റ് പ്ലംബിംഗ് പ്രശ്നങ്ങൾ പരിഹരിച്ചു.

10. കോളേജ് ക്യാന്റീൻ, Aquarium house, Boy's Toilet, Wash area, ബി ബ്ലോക്ക് പിറകു വശം, എന്നിവടങ്ങളിലെ ചെറുകാടുകൾ, അപകടകരമായ വൃക്ഷ ശിഖരങ്ങൾ എന്നിവ നീക്കം ചെയ്തു.

11. വിവിധ ക്ലാസ്റൂമുകളിലും, ഹോസ്റ്റലിലും Fans, Tube lights എന്നിവ മാറി പ്രവർത്തനയോഗ്യം ആക്കി. ജിയോളജി മ്യൂസിയത്തിലെ എലെക്ട്രിക്കൽ illumination ലൈറ്റ് തകരാറുകൾ പരിഹരിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകി.

12. കോളേജ് ക്യാമ്പസ്സിലേയ്ക്കുള്ള സമീപവാസികളുടെ അനധികൃത കടന്നുകയറ്റം തടയുന്നതിനായി സെക്യൂരിറ്റി ജീവനക്കാരനെ നിയോഗിച്ചു.

13. യൂണിവേഴ്സിറ്റി പരീക്ഷയിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളുടെ ഫോട്ടോ അടങ്ങിയ ഫ്ളക്സ് ബോർഡുകൾ, News paper advertisement എന്നിവ നൽകി. PTA യുടെ നേതൃത്തത്തിൽ കോളേജിലെ പരിപാടികൾ കോളേജ് ഫേസ്ബുക് പേജ് വഴി അറിയിക്കുന്നുണ്ട് .കോളേജ് വെബ്സൈറ്റ് അപ്ഡേഷന് വേണ്ടി സാമ്പത്തിക സഹായം നൽകി.

14. കോളേജ് ഓഫീസ്, വിവിധ ഡിപ്പാർട്മെന്റുകളിലെ കമ്പ്യൂട്ടർ, പ്രിൻറർ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായി സാമ്പത്തിക സഹായം നൽകി.

19. വിദ്യാർഥികൾക്കുള്ള മെഡിക്കൽ സഹായം നൽകി.

20.വിദ്യാർഥികൾക്കു ട്രെയിനിങ് പ്രോഗ്രാമിൽ പങ്കെടുക്കാനുള്ള തുക, കോളേജിലെ ക്ലബ്ബുകളുടെയും ഫോറങ്ങളുടെയും പ്രവർത്തനം സുഗമം ആക്കുന്നതിനുള്ള സാമ്പത്തിക സഹായം എന്നിവ അഡ്വാൻസ് ആയി നൽകി.

21.കോളേജ് റിംഗ് റോഡിനു സമീപമുള്ള ചെടികൾ നനയ്ക്കുന്നതിനായുള്ള സംവിധാനം ഒരുക്കി.

22. കോളേജ് ലൈബ്രറിയിലെ പുസ്തകങ്ങൾ,ഫർണിച്ചറുകൾ എന്നിവ പുതിയ ബ്ലോക്ക്കിലേയ്ക്ക് മാറ്റുന്നതിനും,ഡി ബ്ലോക്കിലേക്ക് ബെഞ്ച് -ഡെസ്ക് എന്നിവ മാറ്റുന്നതിനും ഉള്ള സാമ്പത്തിക സഹായം നൽകി.

23. INTERNAL പരീക്ഷകൾ , പ്രാക്ടിക്കൽ പരീക്ഷകൾ എന്നിവ നടത്തുന്നതിനുള്ള സാമ്പത്തിക സഹായം നൽകി.

24. കോളേജിലെ വിദ്യാർഥികൾക്ക് ഗ്രൂപ്പ് പേർസണൽ ആക്സിഡന്റ് സ്കീമിൽ (ജനറൽ ഇൻഷുറൻസ്) ചേർത്തു .

കോളേജിലെ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും, പരിപാലിക്കുന്നതിനും PTA ശ്രമിച്ചിട്ടുണ്ട് .എന്നിരുന്നാലും ചില സാങ്കേതിക കാരണങ്ങൾ കൊണ്ട് ചില ഡിപ്പാർട്മെന്റുകൾക്കു ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്. കിണറുകളിലെ ചെളി നീക്കിയും മോട്ടോർ അറ്റകുറ്റ പണികൾ നടത്തിയും ജലലഭ്യത ഉറപ്പു വരുത്തുവാൻ ശ്രമിച്ചിട്ടുണ്ട്. പുതിയ ജല സ്രോതസ്സുകൾ കണ്ടെത്തി പുതിയ രണ്ടു കിണറെങ്കിലും നിർമിച്ചെങ്കിലേ ജലക്ഷാമം ഭാവിയിൽ നമുക്കു സാധിക്കുകയുള്ളൂ. ക്യാമ്പസിലെ ഗ്രൗണ്ട് വാട്ടർ ഡെപ്പോസിറ്റ് ഉയർത്തുന്നതിനു, മഴ കാലത്തു വാട്ടർ റീചാർജ് പ്രക്രിയ കൂടുതൽ കാര്യക്ഷമമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ നാം കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. പുതിയ ലേഡീസ് വെയ്റ്റിംഗ് റൂം ഉണ്ടാക്കുവാനുള്ള ശ്രമങ്ങൾക്ക് നമ്മൾ മുൻതൂക്കം നൽകേണ്ടതായുണ്ട്.

റിപ്പോർട്ട് വർഷത്തിൽ 4 എക്സിക്യൂട്ടീവ് യോഗങ്ങൾ ചേർന്നു. PTA യുടെ പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിനായി നിസ്വാർഥമായി സഹകരിച്ച പി ടി എ പ്രസിഡന്റും കോളേജ് പ്രിൻസിപ്പാളും ആയ ഡോ ആർ പ്രഗാഷ്, പി ടി എ വൈസ് പ്രസിഡന്റ് സിന്ധു ശ്യാം, എക്സിക്യൂട്ടീവ് മെംബേർസ് , ഡോ ഷീബ എം , ശ്രീ മനുകുമാർ എൻ, ഡോ ഷൈനി കെ ജെ, രക്ഷാകർത്ത പ്രതിനിധികൾ ആയ ശ്രീമതി ആശ , CDC സ്റ്റാഫ് നോമിനി ഡോ സെനോ ജോസ്, Purchasing സഹായിച്ച ചെയ്യാൻ സഹായിച്ച സുവോളജി അദ്ധ്യാപകൻ ശ്രീ.സോജോമോൻ , പൊളിറ്റിക്കൽ സയൻസ് അദ്ധ്യാപകൻ ശ്രീ.ചന്ദ്രൻ കോമത്ത് , അക്കൗണ്ടിംഗ് Excel ലിൽ ചെയ്യാൻ സഹായിച്ച കോമേഴ്‌സ് വിഭാഗം അദ്ധ്യാപകൻ ശ്രീ രഞ്ജിത് മോഹൻ പി, കണക്കു ഓഡിറ്റ് ചെയ്ത കോമേഴ്‌സ് വിഭാഗം അദ്ധ്യാപകൻ ശ്രീ ശിവപ്രസാദ് ഡി എന്നിവകർക്കും, PTA യുടെ പ്രവർത്തനങ്ങളിൽ സഹകരിച്ച കോളേജ് ഹോസ്റ്റൽ വാർഡൻ ശ്രീമതി പ്രസന്ന രാജൻ, മുൻ PTA സെക്രട്ടറി ശ്രീ സനൽരാജ്, ശ്രീ .വിനയചന്ദ്രൻ ശ്രിമതി. രാജലക്ഷ്മി മറ്റു എല്ലാ അദ്ധ്യാപകർക്കും, നന്ദി രേഖപെടുത്തുന്നു.

അമിനിറ്റി ഫണ്ട് കളക്ഷൻ നു നേതൃത്വം നൽകിയ ഡോ .ഷീബ എം, ശ്രീമതി ധന്യ , MEMENTO തയ്യാറാക്കുന്നതിൽ സഹായിച്ച സുവോളജി വിഭാഗം അദ്ധ്യാപിക ഡോ .ഷൈനി കെ ജെ യ്ക്കു പ്രത്യേക നന്ദി രേഖപെടുത്തുന്നു. പി ടി എ യുടെ പ്രവർത്തനങ്ങളിൽ സഹായിച്ച കോളേജ് ഓഫീസ് സൂപ്രണ്ട് ശ്രീ,രാജേഷ് നാരായണൻ, ശ്രീ,ശരത്ചന്ദ്രൻ, ഓഫീസ് ജീവനക്കാരായ ശ്രീ അരുൺ എ കെ, ശ്രീ ടിനു ,ശ്രീ ഷണ്മുഖൻ ആചാരി, ഇലെക്ട്രിഷ്യൻ ബിനു പി എം എന്നിവർക്കു പ്രത്യേക നന്ദി.

കഴിഞ്ഞ അക്കാദമിക വർഷത്തിൽ ബിരുദ പരീക്ഷകളിൽ 12 റാങ്കുകൾ, ബിരുദാനന്തര -ബിരുദ പരീക്ഷയിൽ 8 റാങ്കുകൾ എന്നിവ കരസ്ഥമാക്കി, എം. ജി. സർവ്വകലാശാലയിലെ മികച്ച കോളേജുകളിൽ ഒന്നായി മാറി. നമ്മുടെ കോളേജിലിലെ ഗവേഷണകേന്ദ്രങ്ങളിൽ നിന്നും ഡോക്ടറൽ ബിരുദം കരസ്ഥമാക്കിയ എല്ലാ ഗവേഷണ വിദ്യാർഥികൾക്കും P T A അനുമോദനം രേഖപെടുത്തുന്നു.എം ജി യൂണിവേഴ്സിറ്റിയിലെ മികച്ച എൻ എസ് എസ് യൂണിറ്റിനുള്ള പുരസ്കാരം നമ്മുടെ കോളേജിന് ലഭിച്ചു. എം ജി യൂണിവേഴ്സിറ്റിയിലെ മികച്ച എൻ എസ് എസ് പ്രോഗ്രാം ഓഫീസർക്കുള്ള പുരസ് കാരം ശ്രീമതി സ്മിത വി കെ യ്ക്കും, മികച്ച എൻ എസ് എസ് വോളന്റീർ നുള്ള പുരസ് കാരം ശ്രീ. അഭിനവ് വി യ്ക്ക് ലഭിച്ചു.എം ജി യൂണിവേഴ്സിറ്റി കലോത്സവത്തിൽ നമ്മുടെ വിദ്യാർത്ഥികൾ പങ്കെടുത്തു മികച്ച ഗ്രേഡ് കരസ്ഥമാക്കി.ദേശീയ - സംസ്ഥാന -യൂണിവേഴ്സിറ്റി തലത്തിൽ സംഘടിപ്പിച്ച കായിക മത്സരങ്ങളിൽ നമ്മുടെ വിദ്യാർത്ഥികൾ മികച്ച വിജയം നേടി.

വിവിധ ദേശീയ മത്സരപരീക്ഷകളിൽ നമ്മുടെ കോളേജിലെ വിദ്യാർത്ഥികളും പൂർവ്വവിദ്യാർത്ഥികളും മികച്ച വിജയം നേടി എന്നതും NIRF റാങ്കിങ് -ഇൽ 101 -150 ബാൻഡ് ഇൽ നമ്മുടെ കോളേജ് സ്ഥാനം നേടി എന്ന വസ്തുത ഈ ജൂബിലി വർഷത്തിൽ സന്തോഷവും അഭിമാനവും നൽകുന്നു.

ഡോ. ആർ പ്രഗാഷ്, പി.ടി.എ പ്രസിഡന്റ്

ഡോ. അനീഷ് എ യു പി. ടി. എ. സെക്രട്ടറി

ശ്രീമതി സിന്ധു ശ്യാം പി. ടി.എ വൈസ് പ്രസിഡന്റ്

കോട്ടയം

11 .04 .2023